(പോലീസ്)

# ഹൃദയങ്ങൾ കൈകോർത്തു: ഒരു ജീവനുവേണ്ടി

സ്വന്തം ലേഖകൻ

**പമ്പ:** ശബരിമലയിലെ കാനനപാതയിൽ വ്യാഴാഴ്ച അത്യപൂർവമായ ഒരു 'റിലേ' ഓട്ടം നടന്നു. കായികമത്സരത്തേക്കാൾ തീവ്രതയോടെ നടന്ന റിലേയിൽ അത്‌ലറ്റുകൾക്ക് പകരം പോലീസുകാരാണ് പങ്കെടുത്തത്. ബാറ്റണിനുപകരം തോളോടുതോൾ ചേർന്നും അതിവേഗം ഓടിയും അവർ കൈമാറിയത് ജീവൻരക്ഷാ മരുന്ന്.

പമ്പ - അപ്പാച്ചിമേട് പാതയിൽ ശബരിപീഠത്തിനു സമീപം വ്യാഴാഴ്ച പുലർച്ചെ ഹൃദ്രോഗത്തെത്തുടർന്ന് തളർന്നുവീണ രാമേശ്വരം സ്വദേശി ശെന്തിലി(39)ന്റെ ജീവനാണ് സിനിമയിലെ രംഗങ്ങളെ വിസ്മയിപ്പിക്കുംവിധം കഠിനാധ്വാനം ചെയ്ത് പതിനൊന്ന് പോലീസുകാർ രക്ഷിച്ചെടുത്തത്.

അപ്പാച്ചിമേട് കഴിഞ്ഞ് സന്നിധാനത്തേയ്ക്ക് നടക്കുമ്പോഴാണ് പുലർച്ചെ നാലുമണിയോടെ ശെന്തിലിന് നെഞ്ചുവേദനയുണ്ടായത്. തുടർന്ന് തളർന്നുവീണ ശെന്തിലിനെ പോലീസുകാർ അപ്പാച്ചിമേട് കാർഡിയോളജി സെന്ററിലെത്തിച്ചു. എന്നാൽ സർക്കാർ ആസ്പത്രികളുടെ പതിവ്ഗതികേടായിരുന്നു ഇവിടെയും. ജീവൻ രക്ഷിക്കാനുള്ള 'മഗ്നീഷ്യം' എന്ന മരുന്ന് ഇവിടെ സ്റ്റോക്കുണ്ടായിരുന്നില്ല.



ഉടൻ പോലീസുകാർ പമ്പയിലെ സ്റ്റേഷനിലേക്ക് സന്ദേശം കൈമാറി. അവിടെ മരുന്ന് സ്റ്റോക്കുണ്ട്. എന്നാൽ അഭൂതപൂർവമായ തിരക്കിനിടെ രണ്ടു കിലോമീറ്റർ താണ്ടി മരുന്ന് അപ്പാച്ചിമേട്ടിലെത്തിക്കാൻ കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും എടുക്കുമായിരുന്നു. തുടർന്നാണ്, പോലീസുകാരുട സംഘം പ്രത്യേക ടീമായി ദൗത്യത്തിനിറങ്ങിയത്.

പമ്പയിലെ ആസ്പത്രിയിൽനിന്ന് തിരക്കിനിടെ തോൾ ചേർന്നുനിന്നും ആളുകളെ വകഞ്ഞുമാറ്റി ഓടിയും വിവിധ കേന്ദ്രങ്ങളിൽ നിലയുറപ്പിച്ച് പോലീസുകാർ ഇരുപതു മിനുട്ടിനകം മരുന്ന് കൈമാറി അപ്പാച്ചിമേട്ടിലെത്തിച്ചു.

നിശ്ചിത സമയത്തിനുള്ളിൽ മരുന്ന് ലഭിച്ചതുകൊണ്ടുമാത്രം ശെന്തിലിന്റെ ജീവൻ രക്ഷിക്കാനായി. ഗുരുതരാവസ്ഥയിലായിരുന്ന ശെന്തിലിനെ, തുടർന്ന് പമ്പയിലേക്കും അവിടെനിന്ന് പ്രത്യേക ആംബുലൻസിൽ കോട്ടയം മെഡിക്കൽ കോളേജിലേക്കും കൊണ്ടുപോയി.

കടപ്പാട്

മാതൃഭൂമി
2012 ജനവരി 20 വെള്ളിയാഴ്ച
1187 മകരം 6